# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/2271/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/2271/2022 തീയ്യതി: 10/01/2023

## കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-06-2022 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2022 | 28-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 28-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ദേവാനന്ദ്.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.പി.ദാമോദരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷിജു.എൽ.എൻ | സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ. മനോജ്.ഒ | സെക്രട്ടറി | 13-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിബിൻ.കെ.കെ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. രെഞ്ചു സൂരേന്ദ്രൻ | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷെൽജ.എ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ബിനീഷ്. പി.പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജാസ്മിൻ.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2021 | 12-08-2021 |
| ഡോ. അഭിലാഷ്.ആർ.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 12-08-2021 | 31-03-2022 |
| ഡോ.ദീപ്തി. ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അഷിത.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. രാജലക്ഷ്മി.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രതീഷ്. പി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലജന. എം.എം | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സന്ധ്യ.പി.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ. രമേശൻ.യു.എം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 21-09-2021 |
| ശ്രീമതി. സുനിഷ.ഇ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-09-2021 | 23-12-2021 |
| ശ്രീ. ജിതിൻ തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-12-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം | 1-7-1 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഒരു കെട്ടിടത്തിലെ ഒരേ ഉപയോഗക്രമത്തിലുള്ള മറികൾക്ക് വ്യത്യസ്ത നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 1-10 |
| 14 | പ്ലാനിലുള്ള പ്ലിന്ത് ഏരിയ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല | 1-11 |
| 15 | കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 1-12 |
| 16 | വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 17 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 18 | സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല | 1-15 |
| 19 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല. | 1-16 |
| 20 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-17 |
| 21 | സ്പിൽ ഓവർ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല. | 1-19 |
| 22 | ആർജ്ജിതാവധി പണമാക്കൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-20 |
| 23 | വയോജനങ്ങളുടെ റിക്രിയേഷൻ സെന്ററിലേക്ക് ഫർണിച്ചർ /ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ | 1-21 |
| 24 | കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത | 1-22 |
| 25 | ഓവുചാലുകളിലെ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യൽ - അപാകതകൾ | 1-23 |
| 26 | ശുചീകരണ ജോലികൾ - പ്രവൃത്തി മേൽനോട്ടമില്ലാതെ വേതനം നൽകുന്നു | 1-24 |
| 27 | അജൈവമാലിന്യം കയ്യൊഴിയൽ - തൂക്കമെടുക്കുന്നതിന് മേൽനോട്ടമില്ല | 1-25 |

| | | |
|---|---|---|
| 28 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ടിലെ അപാകതകൾ | 1-26 |
| 29 | വീട് വാസയോഗ്യമാക്കൽ - ധനസഹായം ലഭിച്ച ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-27 |
| 30 | പുതുക്കിയ പൗരാവകാശ രേഖ - അച്ചടിച്ച പകർപ്പുകൾ സ്റ്റോക്കിലെടുത്തില്ല | 1-28 |
| 31 | മുറിച്ചു മാറ്റിയ വൃക്ഷങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-29 |
| 32 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - കൺസൾട്ടൻസി ചാർജ്ജ് - രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 33 | വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-31 |
| ഭാഗം **2** | | |
| 1 | വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല. | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 16.02.2021 തീയതിയിലെ 1/2021 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 67,32,000 |
| വരവ് | 23,26,23,521 |
| ആകെ | 23,93,55,521 |
| ചെലവ് | 23,28,22,521 |
| നീക്കിയിരിപ്പ് | 65,33,000 |

തനത് വരുമാനം -ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്കു പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 1,10,00,000 | 70,69,320 |
| 130 – നികുതിയിതര വരവുകൾ | 1,00,000 | - |
| 140 – ഫീസ് & യൂസർ ചാർജസ് | 30,30,000 | 10,09,450 |
| 150 – സെയിൽ & ഹയർ ചാർജസ് | 6,40,000 | 2,14,480 |
| 180 - മറ്റു വരവുകൾ | 1,10,000 | 90,005 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

1-2-1 വാർഷികകണക്കിലെ അപാകതകൾ

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2020-21 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2021-22 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2021-22 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്യാൽലഭിക്കുന്ന തുകയായ 12,93,755 രൂപയും 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 10,98,232 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 8,70,355/-രൂപ നീക്കിയിരിപ്പുണ്ട്. വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 2,90,645/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

3. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം Other Advance ഇനത്തിൽ 2,93,491/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2021-22 അഡ്വാൻസ് രജിസ്റ്റർ പ്രകാരം 83,216 രൂപയാണ് Other Advance ഇനത്തിലെ നീക്കിയിരിപ്പ്.

4. 01.04.2021 മുതൽ 31.01.2022 വരെയുള്ള ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കാത്തതിനാൽ വസ്തുനികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, നടുവണ്ണൂർ, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67386690473) ക്രഡിറ്റ് ആകുന്നതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. 2021-22 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ(അരിയർ) ഇനത്തിൽ കളക്ഷൻ 14,702 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ വസ്തുനികുതി റസിഡൻഷ്യൽ(അരിയർ) ഇനത്തിൽ കളക്ഷൻ ഇല്ല.

6. 2021-22 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Recievables For Property Tax On Non Residential Buildings (Arrear) 93,688/- രൂപയാണ്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് 2,60,770/ - രൂപ ആണ്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തുനികുതി(നോൺറസിഡൻഷ്യൽ) അരിയർ ഇനത്തിൽ 1,07,992/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

7. ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ കളക്ഷൻ 12,18,470 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 12,03,470 രൂപയാണ് .

8. കെ.ഡി.സി ബാങ്ക് തനത് ഫണ്ട് ( അക്കൗണ്ട് നം-100441201200001 ) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ 21 ചെക്കുകൾ ഉണ്ട് (ആകെ തുക - 1,32,519). എന്നാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques ശീർഷകത്തിലെ നീക്കിയിരിപ്പ് 1,07,863 രൂപയാണ്.

9. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

10. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,12,17,907 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,15,73,185 |
| ആകെ | 11,27,91,092 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,76,17,587 |
| നീക്കിയിരിപ്പ് | 3,51,73,505 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,43,31,173 | 1,43,31,173 | 1,42,97,334 | 33,839 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 70,25,887 | 70,25,887 | 66,30,666 | 3,95,221 |
| മെയിന്റനൻസ്, റോഡ് | 0 | 99,60,000 | 99,60,000 | 62,92,357 | 36,67,643 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 60,50,582 | 60,50,582 | 30,82,306 | 29,68,276 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 13,65,139 | 13,65,139 | 8,38,057 | 5,27,082 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 0 | 31,23,000 | 31,23,000 | 19,80,547 | 11,42,453 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 52,00,378 | 52,00,378 | 44,85,947 | 7,14,431 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 46,84,000 | 46,84,000 | 33,83,367 | 13,00,633 |
| എം.പി.ഫണ്ട് | 2,69,069 | 7,339 | 2,76,408 | - | 2,76,408 |
| സാക്ഷരത | 1,18,699 | 3,449 | 1,22,148 | - | 1,22,148 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ

പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് (നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 6,37,11,113 | 1,77,66,000 |
| വികസനഫണ്ട് (എസ്.സി.പി) | 3,55,94,149 | 75,82,000 |
| മെയിന്റനൻസ് (നോൺ-റോഡ്) | 60,76,077 | 58,26,077 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഗ്രാന്റ്(നോൺ-റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 12,98,69,419 | 101 | 5,68,52,422 | 39 | 30 | 59.41 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 472816 | 1097992 | 1570808 | 1570677 | 131 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 1505844 | 1505844 | 1505844 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,15,81,600 | 730 |
| വിധവാപെൻഷൻ | 1,54,29,800 | 979 |
| വാർദ്ധക്യകാല പെൻഷൻ | 3,13,15,600 | 2,313 |
| വികലാംഗ പെൻഷൻ | 48,44,200 | 318 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12,12,000 | 78 |
| വിവാഹ ധനസഹായം | 60,000 | 2 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ശാന്ത.പി,<br>പൊന്നാത്ത്,<br>നടുവണ്ണൂർ | വിധവ പെൻഷൻ | 21.04.2021 | 19.07.2021 |
| 2 | ഫാത്തിമ,<br>വിയ്യംകുളങ്ങര, | | 22.04.2021 | 19.07.2021 |

| | | | | |
|---|---|---|---|---|
| | കാവിൽ(പി.ഒ) | | | |
| 4 | ജാനു, ചമ്പോളി, കരുവണ്ണൂർ | കർഷകത്തൊഴിലാളി പെൻഷൻ | 23.04.2021 | 18.08.2021 |
| 5 | മറിയം, മനോത്ത്കണ്ടി, കാവിൽ | | 29.04.2021 | 25.09.2021 |
| 7 | സുലോചന.എം, തണ്ടൻകണ്ടി, കരുവണ്ണൂർ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 06.05.2021 | 28.08.2021 |
| 8 | ആദിദേവ്.ടി.ടി, തെരുവിൻതലയ്ക്കൽ, നടുവണ്ണൂർ | | 22.07.2021 | 25.10.2021 |
| 9 | മറിയം, മണ്ണാർതൊടിവയൽ, നടുവണ്ണൂർ | വാർദ്ധക്യകാല പെൻഷൻ | 05.04.2021 | 09.07.2021 |
| 10 | കല്യാണി, വലിയപറമ്പിൽ, കാവിൽ | | 12.04.2021 | 09.07.2021 |
| 11 | നബിസ.സി.പി, ചന്തപ്പുരയിൽ, നടുവണ്ണൂർ | | 29.04.2021 | 18.08.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ച ശേഷവും പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2022 ന് 10.15 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,198/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2021-22 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. ഓഫീസിലെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാ:- കോടതി, കേസുമായി ബന്ധപ്പെട്ട ഫയലുകൾ. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

## 1-10 ഒരു കെട്ടിടത്തിലെ ഒരേ ഉപയോഗക്രമത്തിലുള്ള മറികൾക്ക് വ്യത്യസ്ത നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

എസ്.ആർ.ഒ നമ്പർ 36/11- 1994 കേരള പഞ്ചായത്ത് രാജ് ആക്ട് (1994 ലെ 13) 203-ാം വകുപ്പ് 2-ഉം 5-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു (സ.ഉ(അ) നമ്പർ 19/2011/തസ്വഭവ തിരുവനന്തപുരം 14/01/2011). ആയത് 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ ഷോപ്പുകൾ ഗോഡൌൺ എന്നിവയ്ക്ക് 40 രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റെസ്റ്റൊറന്റുകൾ ഷോപ്പുകൾ ഗോഡൌൺ 60 രൂപ നിരക്കിലുമാണ് പഞ്ചായത്തിൽ ഈടാക്കി വരുന്നത്.

താഴെ പട്ടികയിൽ ചേർത്ത കെട്ടിടത്തിന്റെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായാണെന്ന് കാണുന്നു.വാർഡ് നമ്പർ

| വാർഡ് | 2 |
|---|---|
| | |

| | |
|---|---|
| കെട്ടിട നമ്പർ | 197 A,B |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | മുസ്തഫ,<br>മുണ്ടോട്ടറ ഇല്ലത്ത്,<br>കാവിൽ,<br>നടുവണ്ണൂർ-673614 |

| സഞ്ചയ പ്രകാരം | തറ വിസ്തീർണം (Plinth Area) ച:മീ | Room No. | ബാധകമാക്കിയ നികുതി നിരക്ക് (രൂപ) |
|---|---|---|---|
| Ground Floor | 41.29 | 197 A | 60 |
| Ground Floor | 20.65 | 197 B | 40 |
| Total | 61.94 | | |

തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി 197 A നമ്പറുള്ള മുറിക്ക് ബാധകമാക്കിയ നികുതി നിരക്ക് 60 രൂപ നിരക്കിലും (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ), 197 A എന്ന മുറിക്ക് 40 രൂപ നിരക്കിലുമാണ് (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ). ടി കെട്ടിടത്തിന്റെ നികുതി പുന:നിർണ്ണയിക്കേണ്ടതാണ്.

വാണിജ്യകെട്ടിടങ്ങളെ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ/മുകളിൽ തറ വിസ്തീർണ്ണം ഉള്ള

ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിങ്ങനെയും, വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ/മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിങ്ങനെ ഉപവിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ കെട്ടിടവും ഉപയോഗക്രമത്തിനനുസരിച്ച് അതിന്റെ ഉപവിഭാഗങ്ങളെ വസ്തുനിഷ്ഠമായി ഇനം തിരിച്ച് വേണം നികുതി നിർണ്ണയിക്കാൻ. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടങ്ങളെ ഉപവിഭാഗങ്ങളായി തരം തിരിക്കുന്നതിൽ പഞ്ചായത്തിനു വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലുള്ള മറ്റു കെട്ടിടങ്ങൾ കണ്ടെത്തി വസ്തുനിഷ്ഠമായി നികുതി പുന:നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 പ്ലാനിലുള്ള പ്ലിന്ത് ഏരിയ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നെല്ലാംവീട്ടിൽ ശ്രീ.അബ്ദുൽ ഗഫൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായാണെന്ന് കാണുന്നു. പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയിലുള്ള വിസ്തീർണ്ണവും പൊരുത്തപ്പെടുന്നില്ല.
കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നമ്പർ | 10 |
| | |
| കെട്ടിട നമ്പർ | 398 A,B,C,D,E,F,G |
| | |
| കെട്ടിടയുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അബ്ദുൽ ഗഫൂർ,<br>നെല്ലാംവീട്ടിൽ,<br>നടുവണ്ണൂർ-673614 |

<u>സഞ്ചയ പ്രകാരം</u>

| Floor | തറ വിസ്തീർണം (Plinth Area) ച.മീ | Room No. | ബാധകമാക്കിയ നികുതി നിരക്ക് (രൂപ) |
|---|---|---|---|
| Ground Floor | 106.2 (21.24*5) | 398 A,B,C,D,E | 80 |

| | | | |
|---|---|---|---|
| | 13.27 | 398 F | |
| First Floor | 137.38 | 398 G | 60 |
| Total | 256.85 | | |

| പ്ലാൻ പ്രകാരം | |
|---|---|
| Floor | Floor Area ($M^2$) |
| Ground Floor | 104.34 |
| First Floor | 123.4 |
| Second Floor | 13.98 |
| Total | 241.72 |

പ്ലാൻ പ്രകാരമുള്ള വിസ്തീർണവും സഞ്ചയയിലുള്ള വിസ്തീർണ്ണവും തമ്മിൽ 15.13ച.മീ-ന്റെ വ്യത്യാസമുണ്ട്. പ്രസ്തുത വ്യത്യാസം വസ്തുനികുതി നിർണ്ണയ വേളയിൽ ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

കൂടാതെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയതിലും അപാകതയുണ്ട് 398 A, B, C, D, E, F വരെ നമ്പറുള്ള മുറികൾക്ക് ബാധകമാക്കിയ നികുതി നിരക്ക് 80 രൂപയും (വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ്

മാളുകൾ), 398 G എന്ന മുറിക്ക് 60 രൂപ നിരക്കിലുമാണ് (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ).

മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി വസ്തുനിഷ്ഠമായി നികുതി പുന:നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

2021-22 വർഷത്തെ കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ അപേക്ഷ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകളിൽ ചിലത് അപാകത എന്ന് രേഖപ്പെടുത്തി നിരസിക്കുകയോ തുടർനടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കറണ്ട് നം, തിയ്യതി | അപേക്ഷയുടെ വിശദാംശം | കെട്ടിടത്തിന്റെ വിനിയോഗതരം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 2223, Dt. 19.04.2021 | മുഹമ്മദ് എ.വി, അന്ദ്ര വീട്ടിൽ. | പാർപ്പിടം | 424.5 |
| 2 | 3685, Dt. 17.08.2021 | സിദ്ദീഖ് , വെങ്ങളത്ത്കണ്ടി, മന്ദങ്കാവ്. | വാണിജ്യം | 45 ച.മീ |
| 3 | 5225, Dt. 24.11.2021 | മൌതി, നടത്തിൽ, നടുവണ്ണൂർ. | ഷോപ്പ് | 126.84ച.മീ |
| 4 | 5463, Dt. 08.12.2021 | അമ്മത്, പുതിയ പറമ്പിൽ, മന്ദങ്കാവിൽ, നടുവണ്ണൂർ. | ഷോപ്പ് | 26.35 ച.മീ |

രജിസ്റ്ററിൽ അപേക്ഷ എന്തിനാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയാണോ അതോ ക്രമവത്കരണത്തിനുള്ളതാണോ എന്ന് വ്യക്തമാകുന്നില്ല.

അപേക്ഷകൾ നിരസിക്കാനുണ്ടായ കാരണം രേഖപ്പെടുത്താത്തതിനാൽ അനധികൃത നിർമ്മാണമാണോ എന്ന് വ്യക്തമല്ല. അനധികൃത നിർമ്മാണമാണെങ്കിൽ പ്രസ്തുത കെട്ടിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ

നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ട് U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-13 വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 3 അർദ്ധ വർഷത്തെ പരമാവധി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് 2021-22 ആദ്യ അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയത് വരുമാനത്തിനനുസൃതമല്ലെന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | വരുമാനം (രൂപ) | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ)/ രസീതി നം./ തീയതി | ഈടാക്കിയതിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | മാസ് ഡിസൈനേഴ്സ് | ശ്രീമതി. സോന.ജി.ചന്ദ്രൻ | 45,000/- | 450/- | 300/- (1210101204/ 31.08.2021) | 150/- |
| 2 | ചന്ദ്രൻ അസോസിയേറ്റ്സ് | ശ്രീ. ചന്ദ്രൻ. പി | 45,000/- | 450/- | 300/- (1210101368/ 14.09.2021) | 150/- |
| 3 | പി.എച്ച്.സി കാവുംതറ | ശ്രീ. മുദീഷ് സുരേഷ് | 1,28,553/- | 1250/- | 1000/- (1210101156/ 26.08.2021) | 250/- |
| | ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക | | | | | 550/- |

തൊഴിൽനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി അപാകതകൾ

1) തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

2021-22 തൊഴിൽനികുതി രജിസ്റ്ററിൽ 76-ാം പേജിൽ വേദിക വെഡിംങ് സെന്റർ എന്ന തുണിക്കടയിലെ ജീവനക്കാരിൽ നിന്നും ആദ്യ അർദ്ധവാർഷിക തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്, തുക ഈടാക്കിയതായി കാണുന്നില്ല. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഇനത്തിൽ 7200/- രൂപ 31/03/2022 ലെ 1210106676 നമ്പർ രസീതി പ്രകാരം ഈടാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും ആദ്യ അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) മാവേലി സ്റ്റോറുക ളിൽ നിന്നും റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല

മാവേലി സ്റ്റോറുകളുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട 24/10/2000-ലെ സർക്കുലാർ നം. 19577/എൽ2/97/തസ്വഭവ പ്രകാരം കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകളെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ നടുവണ്ണൂർ പഞ്ചായത്തിന്റെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകളിലെ തൊഴിലാളികളിൽ നിന്നോ റേഷൻ കടകളിലെ തൊഴിലാളികളിൽ നിന്നോ, മേൽ സ്ഥാപനത്തിൽ നിന്നോ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ടി കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി തൊഴിൽനികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(3)വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, ഉപവകുപ്പ് (1) ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി തൊഴിൽനികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിന് അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽ നിന്നും തൊഴിൽ നികുതിയുടെ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-15 സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ രസീതുകൾ എന്നിവ പ്രകാരം പരിശോധിച്ചപ്പോൾ കെ.ഡി.സി ബാങ്ക് നടുവണ്ണൂർ ശാഖയിലെ 2 ഫിക്സഡ് ഡെപ്പോസിറ്റുകൾക്കും വാഗ്ദാനം ചെയ്ത പലിശ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | നിക്ഷേപ രശീത്/ സർട്ടിഫിക്കറ്റ് നമ്പർ | നിക്ഷേപം നടത്തിയ തീയതി | നിക്ഷേപ കാലാവധി അവസാനിക്കുന്ന തീയതി | നിക്ഷേപിച്ച തുക | പലിശ നിരക്ക് | തിരികെ ലഭിച്ച പലിശ | വാഗ്ദാനം ചെയ്ത നിരക്കിൽ തിരികെ ലഭിക്കേണ്ട പലിശ | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ | 100441807520095 | 23.01.21 | 23.01.22 | 18,59,835 | 6.25 | 1,16,239 | 1,04,616 | 11,623 |
| 2 | | 100441807520094 | 23.01.21 | 23.01.22 | 1,48,787 | 6.25 | 8,369 | 9,299 | 930 |
| | | | | | | | 1,12,985 | 1,25,538 | 12,553 |

സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ 12,553രൂപയുടെ കുറവ് 2021-22 വർഷത്തിൽ സംഭവിച്ചിട്ടുണ്ട്. 2 സ്ഥിരനിക്ഷേപങ്ങളുടെയും ആകെ പലിശ തുകയായ 1,12,985 രൂപ കെ.ഡി.സി ബാങ്ക് തനത്ഫണ്ട് അക്കൗണ്ടിലേക്കാണ് 27.03.2022 ന് നിക്ഷേപിച്ചിട്ടുള്ളത്. പലിശതുക ഉൾപ്പെടെ 23.01.2022 ന് സ്ഥിരനിക്ഷേപങ്ങൾ പുതുക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ നിക്ഷേപിച്ച തീയതി, നിക്ഷേപ കാലയളവ്, തുക, കാലയളവ് പൂർത്തിയാകുന്ന തീയതി, പലിശ നിരക്ക്, ലഭിച്ച പലിശ, പുതുക്കിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാഗ്ദാനം ചെയ്ത 6.25 ശതമാനം പലിശ രണ്ട് ഫിക്സഡ് ഡെപ്പോസിറ്റുകളിലും ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിക്കുന്നില്ല.

പ്രൊജക്ട് നമ്പർ .138 (SO)

പ്രൊജക്ട് : കേളോത്ത് താഴെ ഫുട് പാത്ത് പ്രവൃത്തി

അടങ്കൽതുക : 200000/-

ചെലവ് തുക- 168936

എം.ബുക്ക് : 278/20-21

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 6 മാസം

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 21-22 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പൊതുമരാമത്ത് പ്രവൃത്തിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും

സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മേൽ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 5.11.19 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 11.11.19 |
| 3 | സെലക്ഷൻ നോട്ടീസ് | 11.11.19 |
| 4 | എഗ്രിമെന്റ് വെച്ചത് | 13.11.19 |
| 5 | സൈറ്റ് കൈമാറിയത് | 13.11.19 |
| 6 | പ്രവർത്തി ആരംഭിച്ചത് | 24.8.20എം.ബുക്ക് പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർപ്രകാരവും, മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു .

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോകുന്നതുവഴി പദ്ധതി സ്പിൽ ഓവറാവാനും അതുവഴി പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നതിൽ കാലതാമസം നേരിടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

നടുവണ്ണൂർ പഞ്ചായത്തിൽ 21-22 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ പലതും വിവിധ കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്ന് യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും യഥാർത്ഥ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നും വ്യക്തമാണ്. 21.6.18 ലെ ഇ20/6699 /2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥലസന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ചില പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ഉദാഹരണമായി പള്ളിയത്ത് കുനി അങ്കണവാടി ബിൽഡിംഗ് നിർമ്മാണം എന്ന പദ്ധതി ന(156/21-22 (എം ബുക്ക് - 42/19-20 ,256/20-21) , 12.10.21 ന് പൂർത്തിയാക്കിയതായി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടന്ന പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ആയതിന് ശേഷം 27.11.21 (1/10)തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരമാണ്. ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ

നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു. തുടർവർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 സ്പിൽ ഓവർ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല.

നടുവണ്ണൂർ പഞ്ചായത്തിലെ 2021-22 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 20-21വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 21-22 വർഷവുംനടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| പ്രോജ. നം. | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 160/21-22 | അരിപ്പകുളങ്ങര പറയരുകണ്ടി റോഡ് | 50000 | തനത് ഫണ്ട് |
| 161/21-22 | ടേക്ക് എ.ബ്രേക്ക്. പൊതുടോയ് ലറ്റ് നിർമ്മാണം | 1000000 | കേന്ദ്രാവിഷ്കൃത ഫണ്ട് .445000.<br>മറ്റുള്ളവ.555000 |
| 163/21-22 | ആയുർവ്വേദ ആശുപത്രി മെയിന്റൻസ്. | 250000 | തനത് ഫണ്ട് |
| 146/21-22 | പൂവാട്ടുപുരക്കൽ ഇമ്മിണിക്കുന്ന് റോഡ്പ്രവൃത്തി | 212881 | തനത് ഫണ്ട് |
| 147/21-22 | മേപ്പങ്ങോട്ട് താഴെ കോക്കരപ്പാറ കനാൽ റോഡ്പ്രവൃത്തി | 450000 | ധനകാര്യകമ്മീഷൻ അവാർഡ്.350000, തനത് ഫണ്ട് 100000 |
| 148/21-22 | പുതുക്കോട്ട് താ ഴം പുതിയോട്ട് പാറ റോഡ് | 350000 | മെയി.ഫണ്ട്.(റോഡ്) |
| 150/21-22 | കല്ലിടുക്കിൽ മുക്ക് കാവിൽ എ.എം.എൽ.പി. എസ്. റോഡ് | 250000 | മെയി.ഫണ്ട്.(റോഡ്) |

| | | | |
|---|---|---|---|
| | പ്രവൃത്തി. | | |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ് കമ്മിറ്റികളുടെയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017-2022 കാലത്തെ 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്

1-20 ആർജ്ജിതാവധി പണമാക്കൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച് താഴെ പറയും പ്രകാരം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | വിശദാംശം |
|---|---|---|
| വൗച്ചർ നം. 22100170/ 04.06.2021 (ചെക്ക് നം. 713178 / 02.06.2021) | 5,17,391/- | 1 ഓഫീസ് അസിസ്റ്റന്റ് ഉൾപ്പെടെ 11 ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി നൽകിയ തുക |
| വൗച്ചർ നം. 22100212 / 11.06.2021 (ചെക്ക് നം. 713189 / 09.06.2021) | 77,700/- | സെക്രട്ടറിയുടെ ആർജ്ജിതാവധി പണമാക്കി നൽകിയ തുക |

26.07.2021ലെ ജി.ഒ (പി) 104/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെയുള്ളവരുടെ ആർജ്ജിതാവധി പണമാക്കി നൽകുന്നത് 01.06.2021 മുതൽ ആറ് മാസത്തേക്ക് മരവിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഓഫീസ് അസിസ്റ്റന്റ് ഒഴികെയുള്ളവരുടെ ആർജ്ജിതാവധി പണമാക്കി നൽകിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം. 03/2021-22 തീയതി 25.11.2022) ലഭിച്ച മറുപടിയിൽ 05.11.2020 ലെ ജി.ഒ (പി) 152/2020/ഫിൻ നമ്പർ ഉത്തരവിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ മാസം മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിരുന്നതായും, 02.06.2021, 09.06.2021 തീയതികളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി നൽകുമ്പോൾ ലീവ് സറണ്ടർ മരവിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് നിലവിലില്ലായിരുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത് .

ജി.ഒ.(പി) 104/2020/ഫിൻ നമ്പർ ഉത്തരവ് 26.07.2021നാണ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എങ്കിലും ആയതിന് 01.06.2021 മുതൽ പ്രാബല്യമുണ്ട്. പ്രാബല്യ തീയതിക്കും ഉത്തരവ് തീയതിക്കും ഇടയിലുള്ള കാലയളവിൽ സറണ്ടർ ചെയ്ത ആർജ്ജിതാവധികൾ പുന:പരിശോധിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കാത്ത സാഹചര്യത്തിൽ ഓഫീസ് അസിസ്റ്റന്റ് ഒഴികെയുള്ള ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കി നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങിക്കേണ്ടതാണ്.

## 1-21 വയോജനങ്ങളുടെ റിക്രിയേഷൻ സെന്ററിലേക്ക് ഫർണിച്ചർ /ഉപകരണങ്ങൾ വാങ്ങിയതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ 88/2021-22

അടങ്കൽ - 1,00,000

ചെലവ് - 88888

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2021-22 വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം, വയോജനങ്ങളുടെ റിക്രിയേഷൻ സെന്ററിലേക്ക് 88888/- രൂപയുടെ താഴെ പറയുന്ന ഇനം ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

1. സ്റ്റീൽ കാബിനറ്റ് - 2

2. സ്റ്റീൽ ടേബിൾ - 2

3. ഫൈബർ കസേര – കയ്യുള്ളത് - 100

കാഡ്കോയിൽ നിന്നും 622 രൂപ വില വരുന്ന നീൽ കമൽ ഫൈബർ കസേരകളാണ് വാങ്ങിയിട്ടുണ്ട്. എന്നാൽ കെ.പി. ഫർണിച്ചർ എന്ന സ്ഥാപനം 544 രൂപയ്ക്ക് നീൽ കമൽ കസേരകൾ നൽകാമെന്ന് ക്വാട്ട് ചെയ്തിട്ടും വാങ്ങാതിരിക്കാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

കൂടാതെ സ്റ്റീൽ ഫർണിച്ചറുകൾ കാഡ്കോ തന്നെ നിർമ്മിച്ചവയാണെന്നും, പുറത്തു നിന്നും വാങ്ങിയതല്ലായെന്നുമുള്ള സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ പ്രകാരം വിവിധ കോടതികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിലുമായി ഗ്രാമപഞ്ചായത്ത് കക്ഷിയായി ആകെ 27 കേസുകളാണ് 2013-14 സാമ്പത്തിക വർഷം മുതൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത്. ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ എണ്ണം സാമ്പത്തിക വർഷം തിരിച്ച് താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഫയൽ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം |
|---|---|
| 2013-14 | 5 (ഹൈക്കോടതി - 4, ട്രൈബ്യൂണൽ - 1) |
| 2014-15 | 2 (ഹൈക്കോടതി) |

| | |
|---|---|
| 2015-16 | 7 (ഹൈക്കോടതി - 5, ട്രൈബ്യൂണൽ - 2) |
| 2016-17 | 5 (ഹൈക്കോടതി - 3, ട്രൈബ്യൂണൽ - 2) |
| 2017-18 | 2 (ഹൈക്കോടതി) |
| 2018-19 | 2 (ഹൈക്കോടതി - 1, ഉപഭോക്തൃ കോടതി - 1) |
| 2019-20 | 1 (ഹൈക്കോടതി) |
| 2020-21 | 2 (ഹൈക്കോടതി) |
| 2021-22 | 0 |
| 2022-23 | 1 (മുൻസിഫ് കോടതി, കൊയിലാണ്ടി) |
| ആകെ | 27<br>(ഹൈക്കോടതി - 20, ട്രൈബ്യൂണൽ - 5<br>ഉപഭോക്തൃ കോടതി - 1, മുൻസിഫ് കോടിതി - 1) |

മേൽപറഞ്ഞവയിൽ എത്ര കേസുകൾ ഇതുവരെ തീർപ്പായി എന്നും എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് എന്നുമുള്ള വിവരങ്ങളൊന്നും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസുകളുമായി ബന്ധപ്പെട്ട ഫയലുകളും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2021-22 തീയതി 25.11.2022) മറുപടി ലഭിച്ചിട്ടില്ല. കോടതി കേസുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ആവശ്യമായ ശ്രദ്ധയും സൂക്ഷ്മതയും ചെലുത്തുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. കേസ് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കേസുകളുമായി ബന്ധപ്പെട്ട രേഖകൾ യഥാസമയം കോടതിയിൽ ഹാജരാക്കുന്നുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ഏതെങ്കിലും കേസുകളിൽ പ്രതികൂല വിധി ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ എന്നതും വ്യക്തമല്ല.

കോടതി കേസുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട കേസ് ഫയലുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 ഓവുചാലുകളിലെ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യൽ - അപാകതകൾ

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന അങ്ങാടിയായ നടുവണ്ണൂർ അങ്ങാടിയിൽ സംസ്ഥാന പാതയ്ക്കിരുവശത്തുമുള്ള ഓവുചാലുകളിലെയും അനുബന്ധ റോഡുകളിലെ ഓവുചാലുകളിലെയും മണ്ണും മാലിന്യങ്ങളും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിക്കുന്നതിനും പ്രവൃത്തിക്ക്
ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും വാടകയ്ക്കെടുക്കുന്നതിനും 30.07.2021 ലെ 2(4)/21 നമ്പർ തീരുമാനപ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മിനി എസ്കവേറ്റർ, ടിപ്പർ ലോറി, പണിയായുധങ്ങൾ എന്നിവയ്ക്ക് വാടകയ്ക്ക് എടുത്തതിന് 2021-22 സാമ്പത്തിക വർഷം താഴെ ചേർക്കും

പ്രകാരം ആകെ 1,25,916/- രൂപ ചെലഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ /ചെക്ക് | തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 1 | വൗച്ചർ നം. 22100567/25.09.2021<br>ചെക്ക് നം. 713672/25.09.2021 | 54,720/- | ലതീഷ് കെ.ബി |
| 2 | വൗച്ചർ നം. 22100684/23.10.2021<br>ചെക്ക് നം. 713778 / 23.10.2021 | 71,196/- | ലതീഷ് കെ.ബി |
| ആകെ | | 1,25,916/- | |

പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. കാലവർഷം തുടങ്ങുന്നതിന് മുൻപ് ചെയ്യേണ്ട പ്രവൃത്തി ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് നടത്തിയിട്ടുള്ളത്
2. ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്. നടുവണ്ണൂർ അങ്ങാടിയിലേയും അനുബന്ധ റോഡുകളിലേയും ഓവുചാലുകൾ എന്ന് പൊതുവായി പറഞ്ഞിട്ടുള്ളതല്ലാതെ ആകെ എത്ര മീറ്റർ നീളത്തിലുള്ള ഓവുചാലുകളിലാണ് പ്രവൃത്തി നടത്തേണ്ടതെന്നും അവയിൽ ഏകദേശം എത്ര ഘനമീറ്റർ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യാനുണ്ടാകുമെന്നും കണക്കാക്കിയല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്.
3. മിനി എസ്കവേറ്റർ മണിക്കൂറിന് 1,000/- രൂപയും, ടിപ്പർ ലോറി ദിവസത്തേക്ക് 5,500/-രൂപയും, പണിയായുധങ്ങൾ ദിവസത്തേക്ക് 22/- രൂപയും നൽകാമെന്ന ശ്രീ ലതീഷ് കെ.ബി എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത്. പ്രവൃത്തി നടന്നതായി അറിയിച്ച് ടിയാൾ സമർപ്പിച്ച ബിൽ അതേപടി അംഗീകരിച്ച് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥരോ പ്രവൃത്തിക്ക് മേൽനോട്ടം വഹിക്കുകയോ വാടക ബില്ല് പ്രകാരമുള്ള പ്രവൃത്തി യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4. വാഹനങ്ങളും ഉപകരണങ്ങളും വാടകയ്ക്ക് നൽകാൻ ക്വട്ടേഷനെടുത്ത വ്യക്തി സമർപ്പിച്ച ബില്ലുകൾ പ്രകാരം 24.08.2021 മുതൽ 27.08.2021 വരെ 4ദിവസങ്ങൾ, 31.08.2021 മുതൽ 03.09.2021വരെ 4 ദിവസങ്ങൾ എന്നിങ്ങിനെ ആകെ 8 ദിവസങ്ങളിലാണ് പ്രവൃത്തി നടന്നിട്ടുള്ളത്. ഓവു ചാലുകൾ ശുചീകരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച തൊഴിലാളികൾക്ക് പ്രസ്തുത ദിവസങ്ങളിൽ വേതനം നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. ഓവുചാലുകളിൽ നിന്ന് നീക്കം ചെയ്ത മണ്ണിന്റെ അളവ് സംബന്ധിച്ച രേഖകളും ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങളും നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തതും ലേലതുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതും സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22 തീയതി 25.11.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 1,25,916/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-24 ശുചീകരണ ജോലികൾ - പ്രവൃത്തി മേൽനോട്ടമില്ലാതെ വേതനം നൽകുന്നു

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾ ശുചീകരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് തനത്ഫണ്ടിൽ നിന്ന് വേതനം നൽകി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) തൊഴിലാളികൾ ഹാജരാകുന്ന മസ്റ്റർ റോളുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് തുക അനുവദിക്കുന്നത്. തൊഴിലാളികളെ ആരാണ് ജോലിക്ക് നിയോഗിക്കുന്നത് എന്നും, ആരുടെ മേൽനോട്ടത്തിലാണ് ജോലികൾ നടക്കുന്നത് എന്നും വ്യക്തമല്ല. മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തുന്ന ദിവസങ്ങളിൽ യഥാർത്ഥത്തിൽ ജോലി നടന്നിട്ടുള്ളതായോ, മസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ തൊഴിലാളികളും ജോലിക്ക് ഹാജരായിട്ടുള്ളതായോ ആരും സാക്ഷ്യപ്പെടുത്തുന്നില്ല. 2021-22 സാമ്പത്തികവർഷം കൃത്യമായ മേൽനോട്ടമോ സാക്ഷ്യപ്പെടുത്തലോ ഇല്ലാതെ നൽകിയ തുകകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | തുക |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ശുചീകരണം | 22100037/16.04.2021 | 10,000/- |
| 2 | നടുവണ്ണൂർ അങ്ങാടി വൃത്തിയാക്കൽ | 22100045/17.04.2021 | 8,500/- |
| 3 | ഇലക്ഷൻ ബൂത്ത് ശുചീകരണം | 22100046/17.04.2021 | 10,500/- |
| 4 | ഇലക്ഷൻ ബൂത്ത് ശുചീകരണം | 22100047/17.04.2021 | 9,750/- |
| 5 | ഇലക്ഷൻ ബൂത്ത് ശുചീകരണം | 22100109/17.05.2021 | 1,500/- |
| 6 | ഇലക്ഷൻ ബൂത്ത് ശുചീകരണം | 22100122/17.05.2021 | 9,750/- |
| 7 | ബസ് സ്റ്റാന്റ് ശുചീകരണം | 22100130/17.05.2021 | 6,000/- |
| 8 | മഴക്കാല പൂർവ്വ ശുചീകരണം | 22100186/11.06.2021 | 16,800/- |
| 9 | ബസ് സ്റ്റാന്റ് ശുചീകരണം | 22100198/11.06.2021 | 5,000/- |
| 10 | ബസ് സ്റ്റാന്റ് ശുചീകരണം | 22100198/11.06.2021 | 5,000/- |
| 11 | നടുവണ്ണൂർ അങ്ങാടി വൃത്തിയാക്കൽ | 22100322/12.07.2021 | 5,000/- |
| 12 | കരുവണ്ണൂർ അങ്ങാടി വൃത്തിയാക്കൽ | 22100323/12.07.2021 | 3,500/- |
| 13 | ബസ് സ്റ്റാന്റ് ശുചീകരണം | 22100355/29.07.2021 | 5,000/- |
| 14 | കോവിഡ് ടെസ്റ്റ് -നടുവണ്ണൂർ | 22100356/29.07.2021 | 2,000/- |

| | | | |
|---|---|---|---|
| | ഹൈസ്കൂൾ വ്യത്തിയാക്കൽ | | |
| 15 | ബസ് സ്റ്റാന്റ് ശുചീകരണം | 22100468/31.08.2021 | 6,500/- |
| 16 | ബസ് സ്റ്റാന്റ് ശുചീകരണം | 22100545/16.09.2021 | 1,500/- |
| 17 | ബസ് സ്റ്റാന്റ് ശുചീകരണം | 22101263/18.03.2022 | 8,000/- |
| ആകെ | | | 1,14,300/- |

2) ശുചീകരണ പ്രവൃത്തികളിലേർപ്പെട്ടതിനുള്ള വേതനം ഓരോരുത്തർക്കും ചെക്കായോ പണമായോ നൽകുകയോ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയോ ചെയ്യുന്നതിന് പകരം ഏതെങ്കിലും ഒരാൾക്ക് ആകെ തുകയുടെ ചെക്ക് നൽകുകയാണ് ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മസ്റ്റർ റോൾ പ്രകാരം പ്രവൃത്തിയുടെ പേരും പ്രവൃത്തി നടന്ന മാസവും | പ്രവൃത്തിയിൽ ഏർപ്പെട്ട തൊഴിലളികളുടെ എണ്ണം | മസ്റ്റർ റോൾ പ്രകാരമുള്ള ആകെ തുക | മുഴുവൻ തുകയും കൈപ്പറ്റിയ വ്യക്തി | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ശുചീകരണം (മാർച്ച് 2021) | 5 | 10,000/- | ദേവി.എൻ | 22100037 /16.04.2021 |
| 2 | നടുവണ്ണൂർ അങ്ങാടി മുതൽ വെള്ളോട്ട് അങ്ങാടി വരെ സംസ്ഥാന പാതയുടെ വശങ്ങൾ വൃത്തിയാക്കൽ (മാർച്ച് 2021) | 5 | 8,500 | കാർത്ത്യായനി | 22100045 /17.04.2021 |
| 3 | പഞ്ചായത്ത് ഇലക്ഷൻ ബൂത്ത് | 14 | 10,500/- | ശോഭന | 22100046 /17.04.2021 |

| | | | | | |
|---|---|---|---|---|---|
| | ക്ലീനിങ്ങ് (ഡിസംബർ 2020) | | | | |
| 4 | നടുവണ്ണൂർ അങ്ങാടി ശുചീകരണം (മെയ് 2021) | 5 | 5,000/- | ഗീത | 22100199 /11.06.2021 |
| 5 | കരുവണ്ണൂർ അങ്ങാടി ശുചീകരണം (മെയ് 2021) | 5 | 3,500/- | കവിത | 22100323 /12.07.2021 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 18/2021-22 തീയതി 25.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കൃത്യമായ മേൽനോട്ടമോ സാക്ഷ്യപ്പെടുത്തലോ ഇല്ലാതെ തൊഴിലാളികൾ സമർപ്പിച്ച മസ്റ്റർറോളിന്റെ അടിസ്ഥാനത്തിൽ നൽകിയ 1,14,300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 അജൈവമാലിന്യം കയ്യൊഴിയൽ - ട്രക്കമെടുക്കുന്നതിന് മേൽനോട്ടമില്ല

ഹരിതകർമ്മസേന ശേഖരിച്ച അജൈവമാലിന്യം നീക്കം ചെയ്തതിന് മാലിന്യസംസ്കരണ ഏജൻസികളായ ക്ലീൻ കേരള കമ്പനി, നിറവ് എന്നിവയ്ക്ക് 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 30,98,840/- രൂപ നൽകിയിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ SO 130/21-22 (അജൈവമാലിന്യ സംസ്കരണത്തിന് തുക അനുവദിക്കൽ) പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയാണ് മേൽ തുക അനുവദിച്ചിട്ടുള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മാലിന്യം നീക്കം ചെയ്ത ഏജൻസി | മാലിന്യം നീക്കം ചെയ്ത കാലയളവ് | നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് | നൽകിയ തുക |
|---|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 16.11.2020 മുതൽ 21.04.2021 വരെ | 2,13,265 കി.ഗ്രാം | 22,95,368/- |

| | | | | |
|---|---|---|---|---|
| 2 | നിറവ് | 04.01.2022 മുതൽ 17.03.2022 വരെ | 1,67,390 കി.ഗ്രാം | 8,03,472/- |
| ആകെ | | | 3,80,655 കി.ഗ്രാം | 30,98,840/ |

നീക്കം ചെയ്ത മാലിന്യത്തിന്റെ തൂക്കം സംബന്ധിച്ച് ഏജൻസി ഹാജരാക്കുന്ന അളവ് തൂക്ക ബില്ലിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് തുക നൽകിയിട്ടുള്ളത്. (ക്ലീൻ കേരള കമ്പനി നീക്കം ചെയ്തതായി പറയുന്ന 2,13,265 കി.ഗ്രാം മാലിന്യത്തിൽ 24,145 കി.ഗ്രാം മാലിന്യത്തെ സംബന്ധിച്ച വെയ് ബിൽ ഹാജരാക്കാത്തതിനാൽ ആയതിന്റെ തുക അവർക്ക് ഇതുവരെ നൽകിയിട്ടില്ല). ഗ്രാമപഞ്ചായത്തിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുത്തിട്ടുള്ളത് ദൂരപ്രദേശങ്ങളിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അഗ്രികൾച്ചറൽ വെയ് ബ്രിഡ്ജ് യൂണിറ്റ്, വേങ്ങേരി |
| 2 | വളപ്പിൽ വെയ് ബ്രിഡ്ജ്, പടനിലം |
| 3 | പാറാടൻ വെയ് ബ്രിഡ്ജ്, പന്തീരാങ്കാവ് |
| 4 | കെ.ആർ.എസ് ഇലക്ട്രോണിക്ക് വെയ് ബ്രിഡ്ജ്, കുന്ദമംഗലം |
| 5 | നാഷണൽ വെയ് ബ്രിഡ്ജ് , രാമനാട്ടുകര |
| 6 | മാളിയേക്കൽ കമ്പ്യൂട്ടറൈസ്ഡ് വെയ് ബ്രിഡ്ജ്, നല്ലളം |
| 7 | മലബാർ വെയ് ബ്രിഡ്ജ്, കോഴിക്കോട് ബീച്ച് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ വച്ച് തൂക്കമെടുത്തതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരാരും മേൽനോട്ടം വഹിച്ചതായി കാണുന്നില്ല. മാലിന്യങ്ങളുടെ തൂക്കമെടുക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പുവരുത്താനും, സാധ്യമാവുമെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ വച്ചുതന്നെ തൂക്കം കണക്കാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ അജൈവ മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ സജീവമായ പ്രവർത്തനമുണ്ടായിട്ടും മാലിന്യം കൈയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് വർഷാവർഷം അതിഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നത് അഭികാമ്യമല്ല. അതിനാൽ ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനും അവനവന്റെ മാലിന്യം അവനവന്റെ ഉത്തരവാദിത്തമാണെന്ന പൊതുബോധം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ച് ഈ ഇനത്തിലുള്ള ചെലവ് പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 143/21-22 ( സ്പിൽ ഓവർ ) |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| | |
| വകയിരുത്തിയ തുക | 3,04,500/- (വികസന ഫണ്ട്) |
| ചെലവഴിച്ചതുക, ബിൽ നമ്പർ | 3,04,462/- (2/21-22, തീ-18.08.2021) |

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡിക പ്രകാരം അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികരിക്കാതെ നൽകാവുന്ന കട്ടിലിന്റെ സ്പെസിഫിക്കേഷൻ 1.98 മീറ്റർ നീളവും 90 സെന്റീമീറ്റർ വീതിയും മുൻകാലിന് 60 സെന്റീമീറ്ററും പിൻകാലിന് 50 സെന്റീമീറ്ററും കട്ടിലിൽ 8 മില്ലീമീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിലോ സ്റ്റീലിലോ പണിത കട്ടിലുകളാണ് നൽകാവുന്നത്. അറുപതു വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും 01.03.2021 ലെ നമ്പർ ഇൻവോയ്സ് NRO/Sales/649 അനുസരിച്ച് 70 കട്ടിലുകൾ 3,04,462/- രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഒരു കട്ടിലിന് 4349 രൂപയാണ് ചെലവഴിച്ചത്. എന്നാൽ രേഖകൾ പ്രകാരം 60 വയസ്സ് പൂർത്തിയാകാത്ത 2 പേർക്ക് മേൽ പദ്ധതി പ്രകാരം കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പേര് , വിലാസം | ബീവി, വലിയപറമ്പിൽ, നടുവണ്ണൂർ |
| വാർഡ് നമ്പർ | 1 |
| ഗുണഭോക്തൃ ലിസ്റ്റ ക്രമ നമ്പർ | 2 |
| ആധാർ കാർഡ് നമ്പർ, ജനനവർഷം, | 999288829716, 1964<br>2021 ലെ പ്രായം - 57 |
| റേഷൻ കാർഡ് നമ്പർ, ജനനതീയതി, | 2160083995, (15.03.2017 ൽ 55 വയസ്സ് )<br>2021 ലെ പ്രായം - 59 |
| സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ ജനനതീയതി, | 25.11.1958,<br>2021 ലെ പ്രായം - 63 |

2)

| | |
|---|---|
| പേര് , വിലാസം | ശാന്ത, കാവുംപുതുക്കുടി, കാവിൽ(പി.ഒ), നടുവണ്ണൂർ |
| വാർഡ് നമ്പർ | 3 |
| ഗുണഭോക്തൃ ലിസ്റ്റ് ക്രമ നമ്പർ | 50 |
| ആധാർ കാർഡ് നമ്പർ, ജനനതീയതി, | 364436959093, 08/02/1966<br>2021 ലെ പ്രായം - 55 |
| റേഷൻ കാർഡ് നമ്പർ, ജനനതീയതി, | 2160083995, (15.03.2017 ൽ 50 വയസ്സ് )<br>2021 ലെ പ്രായം - 54 |
| സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ ജനനതീയതി, | 01.06.1959,<br>2021 ലെ പ്രായം - 62 |

ശ്രീമതി. ബീവി, ശ്രീമതി. ശാന്ത എന്നിവരുടെ ആധാർ കാർഡ്, റേഷൻ കാർഡ് വിവരങ്ങളനുസരിച്ച് കട്ടിലുകൾ വിതരണം ചെയ്ത 18.08.2021 ന് 60 വയസ്സ് പൂർത്തിയായിട്ടില്ല. ശ്രീമതി. ശാന്തയുടെ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 26.05.1998 ന് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും 2003 നല്കിയ ആധാർ കാർഡിലെ ജനനവർഷം 1966 ആണ്.

ആധാർ കാർഡിലെ ജനന തീയതിയിലെ തെറ്റ് ഓൺലൈൻ അപേക്ഷ വഴിയോ ആധാർ സേവനകേന്ദ്രം മുഖേനയോ സ്കൂൾ രേഖകൾ സമർപ്പിച്ച് അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യമുണ്ട്. എന്നാൽ അത്തരത്തിൽ അപേക്ഷിച്ച് മാറ്റം വരുത്തിയ ആധാർ കാർഡ് ഹാജരാക്കാതെയാണ് 2 അപേക്ഷകരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി കട്ടിലുകൾ വിതരണം ചെയ്തിരിക്കുന്നത്.

14.02.18ലെ സ.ഉ.(കൈ)നം.22/2018 ത.സ്വ.ഭ.വ ഉത്തരവ് 7.1.13(2) ഖണ്ഡികയിൽ നിർദ്ദേശിക്കുന്നതിന് വിരുദ്ധമായി രേഖകൾ പ്രകാരം 60 വയസ്സ് പൂർത്തിയാകാത്ത വ്യക്തികൾക്ക് കട്ടിലുകൾ നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

### 1-27 വീട് വാസയോഗ്യമാക്കൽ - ധനസഹായം ലഭിച്ച ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചില്ല

വീട് വാസയോഗ്യമാക്കുന്നതിനായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 10-ാം വാർഡിലെ 10/621 നമ്പർ വീടിന്റെ ഉടമയായ ശ്രീ ഗോവിന്ദൻകുട്ടി പരപ്പിൽ എന്നവർക്ക് 2020-21 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ 126/2020-21 നമ്പർ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി മേൽ ഗുണഭോക്താവിന് ഒന്നാം ഗഡു ധനസഹായമായി 35,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാൾ ധനസഹായം ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയോ ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു ധനസഹായത്തിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള കാരണം പരിശോധിക്കേണ്ടതും ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് തുടർനടപടികൾ സ്വീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-28 പുതുക്കിയ പൗരാവകാശ രേഖ - അച്ചടിച്ച പകർപ്പുകൾ സ്റ്റോക്കിലെടുത്തില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.08.2021ലെ 6(1)/21 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്. പുതുക്കിയ പൗരാവകാശരേഖ അച്ചടിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് കണ്ണൻസ് ഓഫ്സെറ്റ് പ്രിന്റേർസ്, നന്മണ്ട എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും 100 പകർപ്പുകൾ അച്ചടിച്ചതിന് 24.09.2021ലെ 22100566 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം. 713671/ 23.09.2021) 32,865/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അച്ചടിച്ച പകർപ്പുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അച്ചടിപ്പിച്ച പകർപ്പുകളുടെ എണ്ണം പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2021-22 തീയതി 25.11.2022) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ചെലവു തുക 32,865/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-29 മുറിച്ചു മാറ്റിയ വൃക്ഷങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ച വകയിൽ 2021-22 സാമ്പത്തിക വർഷം താഴെ ചേർക്കും പ്രകാരം ആകെ 58,300/- രൂപ ചെലഴിച്ചിട്ടുണ്ട്.

| ക്രമ നം. | മുറിച്ച വൃക്ഷങ്ങളെ സംബന്ധിച്ച വിവരം (വൗച്ചർ പ്രകാരം) | മുറിക്കൂലി | വൗച്ചർ നം/തീയതി | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 1 | ജ്ഞാനോദയം അങ്കണവാടിക്ക് സമീപമുള്ള തെങ്ങ്, കാഞ്ഞിരം നടുവണ്ണൂർ സബ്ബ രജിസ്റ്റാർ ഓഫീസിന് സമീപമുള്ള മട്ടിമരം | 6,000/- | 22100223/ 25.06.2021 | ബാബു തച്ചിനേനിതാഴെ |
| 2 | എലങ്കൽ ആയുർവ്വേദ ആശുപത്രിക്ക് സമീപമുള്ള വൃക്ഷം | 12,000/- | 22100224/ 25.06.2021 | ബാബു തച്ചിനേനിതാഴെ |

| | | | | |
|---|---|---|---|---|
| 3 | മൃഗാശുപത്രിക്ക് സമീപമുള്ള ശീമമരവും മറ്റൊരു വൃക്ഷവും | 8,800/- | 22100240/ 28.06.2021 | ബാബു തച്ചിനേനിതാഴെ |
| 4 | കോമൺ ഫെസിലിറ്റി സെന്ററിന് സമീപമുള്ള പാലമരം, തച്ചേനിതാഴെ അംഗൻവാടിക്ക് സമീപമുള്ള ബദാം മരം, വെങ്ങളചാലിൽ അങ്കണവാടിക്ക് സമീപമുള്ള കശുമാവ്, ഇടുവിട്ടുകുന്ന് അങ്കണവാടിക്ക് സമീപമുള്ള പൂമരം, 11-ാം വാർഡിൽ കനാലിനരികിലുള്ള 2 തെങ്ങുകൾ | 7,500/- | 22100241/ 28.06.2021 | ബാബു തച്ചിനേനിതാഴെ |
| 5 | നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിന് സമീപമുള്ള 2 വൃക്ഷങ്ങൾ | 13,500/- | 22100296/ 08.07.2021 | ബാബു തച്ചിനേനിതാഴെ |
| 6 | പുതിയതെരു കുടിവെള്ളടാങ്കിന് സമീപമുള്ള വൃക്ഷം | 4,000/- | 22100297/ 12.07.2021 | ബാബു തച്ചിനേനിതാഴെ |
| 7 | നടുവണ്ണൂർ അങ്ങാടിയിലെ ബദാം മരക്കൊമ്പുകൾ | 2,000/- | 22100335/ 22.07.2021 | ബാബു തച്ചിനേനിതാഴെ |
| 8 | മൃഗാശുപത്രിക്ക് പിന്നിലുള്ള 3 വലിയ വൃക്ഷവും | 3,000/- | 22100339/ 22.07.2021 | ബാബു തച്ചിനേനിതാഴെ |
| 9 | ചെറിയാക്കോട്ട് താഴെ കുടിവെള്ള പദ്ധതിക്ക് സമീപമുള്ള തെങ്ങ് | 1,500/- | 22100565/ 24.09.2021 | ബാബു തച്ചിനേനിതാഴെ |
| ആകെ | | 58,300/- | | |

മുറിച്ചുമാറ്റിയ വൃക്ഷങ്ങൾക്ക് വനംവകുപ്പ് ലഭ്യമാക്കിയ വാല്യേഷനം, ആയതിന്റെ അടിസ്ഥാനത്തിൽ തടി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/2021-22 തീയതി 25.11.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 58,300/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-30 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - കൺസൾട്ടൻസി ചാർജ്ജ് - രേഖകൾ ഹാജരാക്കിയില്ല

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ കൺസൾട്ടൻസി ചാർജ്ജായി 30.11.2021 ന് തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22100779 പ്രകാരം സാത്വിക് എന്ന കമ്പനിയ്ക്ക് 15,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ക്വട്ടേഷൻ, ഭരണസമിതി തീരുമാനം, അവർ നൽകിയ സേവനം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഇതുമായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/2021-22, തീ-28.11.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 15,000 തടസ്സത്തിൽ വെക്കുന്നു.

## 1-31 വില മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റിൽ വില മുൻകൂറായി നൽകിയിട്ടും മരുന്നുൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 49/21-22<br>(നടവണ്ണൂർ ഗവർമ്മെണ്ട് ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്നുകളും അനുബന്ധ വസ്തുകളും വാങ്ങൽ) |
| മരുന്ന് വിതരണ സ്ഥാപനം | ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) |
| നൽകിയ തുക | 1,50,000/-<br>( ബിൽ നം. 146/2021-22 തീയതി 28.12.2021) |
| ലഭിച്ച മരുന്നിന്റെ വില | 60,765/- |
| ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില | 89,235/- |

ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടം 3അർദ്ധ വർഷത്തെ പരമാവധി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് 2021-22 ആദ്യ അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയത് വരുമാനത്തിനനുസൃതമല്ലെന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | വരുമാനം (രൂപ) | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ)/ രസീതി നം./ തീയതി | ഈടാക്കിയതിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | മാസ് ഡിസൈനേഴ്സ് | ശ്രീമതി. സോന.ജി.ചന്ദ്രൻ | 45,000/- | 450/- | 300/- (1210101204/ 31.08.2021) | 150/- |
| 2 | ചന്ദ്രൻ അസോസിയേറ്റ്സ് | ശ്രീ. ചന്ദ്രൻ. പി | 45,000/- | 450/- | 300/- (1210101368/ 14.09.2021) | 150/- |
| 3 | പി.എച്ച്.സി കാവുംതറ | ശ്രീ. മുദീഷ് സുരേഷ് | 1,28,553/- | 1250/- | 1000/- (1210101156/ 26.08.2021) | 250/- |
| | ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക | | | | | 550/- |

തൊഴിൽനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | തീയതി |
|---|---|---|
| 2021-22 | 22.11.2022, 23.11.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,80,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 4,80,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 19,97,753 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 19,97,753 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000 | ലൈഫ് ഭവന പദ്ധതി (പൊതുവിഭാഗം) | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,88,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 2,88,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 13,60,000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 13,60,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 2,00,000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ 27/2019 ത.സ്വ.ഭ.വ തീയതി- 22/02/2019 | 0 | 1,73,50,000 | 15,40,000 | -- | 1,58,10,000 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,08,622 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20,08,622 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,08,622 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ഡിസ്റ്റ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 23.01.2021 | 12 മാസം | 18,59,835 |
| 2 | കോഴിക്കോട് ഡിസ്റ്റ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 23.01.2021 | 12 മാസം | 1,48,787 |
| ആകെ | | | | 20,08,622 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 35 | 2003-04 | പൊതു പരാമർശം -5 | മൈത്രി ഭവന പദ്ധതി- വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതു പരാമർശം -3 | നികുതിപിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു |
| 1999-00 | - | 2003-04 | മറ്റ് പരാമർശം- 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |

| | | | | |
|---|---|---|---|---|
| 2000-01 | - | 2003-04 | മറ്റ് പരാമർശം - 11.14 | ചെങ്ങോട്ടുപാറ – കിഴക്കോറ്റ കടവ് റോഡ് |
| 2000-01 | - | 2003-04 | മറ്റു പരാമർശം - 11.14 | എൽ.പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2008-09 | 3-9 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക് - കാലതാമസം ഒഴിവാക്കാൻ ശുപാർശ (കെ.എസ്.എ.കെ.കെ.ഡി./ എസ്1/1861/2022 തീയതി 14.10.22 പ്രകാരം ഒഴിവാക്കാൻ ശുപാർശ) |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2018-19 | 2-7 | 2017-18 | | വാണിജ്യ കെട്ടിട പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് ന | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ | അവശേഷിക്കുന്നു | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | മ്പർ/ തീയ തി) | യിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | തുക | ക/ ബാധ്യത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 30, 32, 33 | എം.സി.ചന്ദ്രൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് LF2169/ സ്പെ.സെൽ/ എസ്. സി4/01/ 01.8.02, | 9531 | | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,15,73,185 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,76,17,587 |
| വരവിനങ്ങളിലുള്ള നഷ്ടം | 550 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,342 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,35,616 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 550 | | ശ്രീ. മനോജ്.ഒ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1,25,916 | ശ്രീ. മനോജ്.ഒ, സെക്രട്ടറി |
| 1-24 | 91,300 | ശ്രീ. ഷിജു.എൽ.എൻ, സെക്രട്ടറി |
| 1-24 | 23,000 | ശ്രീ. മനോജ്.ഒ, സെക്രട്ടറി |
| 1-28 | 32,865 | ശ്രീ. മനോജ്.ഒ, സെക്രട്ടറി |
| 1-29 | 51,800 | ശ്രീ. ഷിജു.എൽ.എൻ, സെക്രട്ടറി |
| 1-29 | 6,500 | ശ്രീ. മനോജ്.ഒ, സെക്രട്ടറി |
| 1-30 | 15,000 | ശ്രീ. മനോജ്.ഒ, സെക്രട്ടറി |
| 1-31 | 89,235 | ഡോ. അഷിത.എ.കെ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 4,35,616 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിജു.എൽ.എൻ, സെക്രട്ടറി | സെക്രട്ടറി, പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | പുതുക്കുടി വീട്, പനങ്ങാട്(പി.ഒ) കോഴിക്കോട്-673612 |

| | | |
|---|---|---|
| ശ്രീ. മനോജ്.ഒ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ഒതയോത്ത് വീട്, നൊച്ചാട്(പി.ഒ), കോഴിക്കോട് |
| ശ്രീമതി. രഞ്ജു സുരേന്ദ്രൻ, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, താമരശ്ശേരി ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, വട്ടോളി ബസാർ(പി.ഒ), ബാലുശ്ശേരി, കോഴിക്കോട് |
| ഡോ. അഷിത.എ.കെ, മെഡിക്കൽ ഓഫീസർ(ഹോമിയോ) | മെഡിക്കൽ ഓഫീസർ(ഹോമിയോ), നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സുഷമ, ചെട്ടികുളം ബസാർ, എലത്തൂർ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(3) തീയതി-29.08.2022 | 2 | 34, 35 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(4) തീയതി- 29.08.2022 | 2 | 8,11 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(11) തീയതി-29.08.2022 | 1 | 3-9 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(14) തീയതി-30.08.2022 | 1 | 3-3(2),(3) |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(15) തീയതി-30.08.2022 | 1 | 2-3 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി1/ 1578/2021(18) തീയതി-01.09.2022 | 2 | 2-5, 2-7 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(19) തീയതി-01.09.2022 | 9 | 1-8-1(a), 1-11(3-1), 1-12, 1-13, 1-14, 1-18, 1-21(1), 1-22, 1-27 (1) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.1/ 44/22 തീയതി 02-02-2022 | 48 | 1-1,1-2,1-3,1-4,1-5,1-6,1-7,1-8,1-9, 1-10,1-11,1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21,1-22, 1-23,1-24,1-25,1-26,1-27,1-28,1-29, 1-30,1-31,1-32,1-33,1-34,1-35,1-36, 2-1, 4-1 To 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1276/22 തീയതി-23.07.2022 | 40 | 1-1,1-2,1-3,1-4,1-5,1-6,1-7,1-8,1-9, 1-10,1-11,1-12,1-13,1-14,1-15,1-16,1-17, 1-18.1-19,1-20,1-21,1-22,1-23,1-24, 1-25,1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35,1-36, 1-37,1-38,1-39,1-40 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്